# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: * 280:** **12.10.2011 ൽ മറുപടിയ്ക്ക്**

### ഐ.റ്റി.ഐ. പഠന നിലവാരം ഉയർത്താൻ സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള :<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ :<br>ശ്രീ. പി.കെ. ബഷീർ :<br>ശ്രീ. കെ.എൻ.എ. ഖാദർ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ഐ.ടി.ഐ. പഠന നിലവാരം ഉയർത്താനും പഠന വിഷയങ്ങളിൽ കാലാനുസൃത മാറ്റം വരുത്താനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) പഠന നിലവാരം ഉയർത്തുന്നതിനായി ഐ.ടി.ഐ. കളിലെ പഠന വിഷയങ്ങളുടെ സിലബസ് കാലാകാലങ്ങളിൽ എൻ.സി.വി.റ്റി പരിഷ്കരിക്കുന്നുണ്ട്. ഇതിനായി കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ സംസ്ഥാനത്തെ 5 ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തി യിട്ടുണ്ട്. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ 22 ഐ.ടി.ഐ.കളുടെ നിലവാരം ഉയർത്തുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ ലോക ബാങ്ക് സഹായത്തോടെ മികവിന്റെ കേന്ദ്ര [illegible] പദ്ധതിപ്രകാരം 7 ഐ.ടി.ഐ. കളെ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് മോഡ്യുലാർ എംപ്ലോയബിൾ സ്കീമിന്റെ ഭാഗമായി 68 വൊക്കേഷണൽ ട്രെയിനിംഗ് പ്രൊവൈഡേഴ്സ് പ്രവർത്തിക്കുന്നു. ഇതുവഴി പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്നവർക്ക് പരിശീലനം നൽകുന്നതിന് സാധിക്കുന്നു. |
| (ബി) സംസ്ഥാനത്തിനകത്ത് ഐ. ടി. ഐ. പഠനം പൂർത്തിയാക്കുന്നവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള പദ്ധതികളെന്തെങ്കിലും ആലോചനയിലുണ്ടോ; | (ബി) സർക്കാർ തലത്തിൽ ജോലി ലഭിക്കുന്നതിനായി വകുപ്പുകളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ബന്ധപ്പെട്ട നിയമങ്ങളിൽ ഐ.ടി.ഐ. യോഗ്യത കൂടെ ഉൾപ്പെടുത്തി പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജോബ്ഫെസ്റ്റ് നടത്തുകയും സോഫ്റ്റ് സ്കിൽ പരിശീലിപ്പിക്കുന്നതിന് ഫിനിഷിംഗ് സ്കൂൾ നടപ്പാക്കുകയും ചെയ്യുന്നു. |

(സി) ഐ.ടി.ഐ. പഠനം പൂർത്തിയാക്കി പുറത്തുവരുന്നവരുടെ ഡേറ്റാ ബാങ്ക് തയ്യാറാക്കുകയും, സ്വദേശത്തും വിദേശത്തും ലഭ്യമാകുന്ന തൊഴിലവസരങ്ങൾ കണ്ടെത്തി അവർക്ക് മാർഗ്ഗ നിർദ്ദേശം നൽകാനുള്ള സംവിധാനമെന്തെങ്കിലും നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരമൊരു സംവിധാനം ഏർപ്പെടുത്തുമോ?

(സി) ഐ.ടി.ഐ. കളിൽ പ്രവർത്തിക്കുന്ന പ്ലേയ്സ്മെന്റ് സെൽ ശക്തിപ്പെടുത്തുന്നതിനും ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നതിനും നടപടികൾ എടുത്തുവരുന്നു. കൂടാതെ "ഓവർസീസ് ഡെലവപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൽട്ടന്റ് ലിമിറ്റഡ്" (ODEPC) മായി സഹകരിച്ച് വിദേശ രാജ്യങ്ങളിലെ ജോലി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ